പുരാവസ്തുക്കളായി പ്രഖ്യാപിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണം

76 [3219] ശ്രീ. എൻ. ശക്തൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പ് എത്ര പുരാതന കെട്ടിടങ്ങളെ പുരാവസ്തുക്കളായി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന കെട്ടിടങ്ങളുടെയും അവ ഉൾക്കൊള്ളുന്ന വസ്തുവിന്റെയും ഉടമസ്ഥാവകാശം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(സി) ഇത്തരം കെട്ടിടങ്ങൾക്ക് ഏതെല്ലാം വിധത്തിലുള്ള സംരക്ഷണ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഈ പുരാതന കെട്ടിടങ്ങളും വസ്തുക്കളും കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തി സംരക്ഷിക്കാറുണ്ടോ;

(ഇ) ആയതിനുള്ള ഉത്തരവാദിത്വം ആരിലാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) അറുപത്തിയഞ്ച്.

(ബി) കോയിക്കൽ കൊട്ടാരം-നെടുമങ്ങാട്, കൃഷ്ണപുരം കൊട്ടാരം-കായംകുളം, ശക്തൻതമ്പുരാൻ കൊട്ടാരം-തൃശ്ശൂർ, പത്മനാഭപുരം കൊട്ടാരം-തക്കല, ആർക്കിയോളജിക്കൽ മ്യൂസിയം-തൃശ്ശൂർ, പഴശ്ശിരാജാ മ്യൂസിയം-കോഴിക്കോട്, ആർക്കിയോളജിക്കൽ മ്യൂസിയം-തൃപ്പൂണിത്തുറ എന്നീ കെട്ടിടങ്ങൾ ഒഴിച്ചു ബാക്കി 58 കെട്ടിടങ്ങളുടെയും ഉടമസ്ഥാവകാശം അതാതു ഉടമകൾക്കാണ്.

(സി) സംരക്ഷണ പണികളും തനിമ നിലനിർത്തിക്കൊണ്ടുള്ള സ്ട്രക്ചറൽ പണികളും നടത്തിവരുന്നു.

(ഡി) ഉണ്ട്.

(ഇ) പുരാവസ്തു വകുപ്പിന്.

വാസ്തു ശിൽപ്പകല പരിരക്ഷിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത പുരാതന കെട്ടിടങ്ങൾ

77 [3220] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly